# വ്യവസായ കേരളം

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 APRIL 2022





# കൊച്ചി പെട്രോ കെമിക്കൽ പാർക്ക് നിർമ്മാണോദ്ഘാടനം

## ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ, കിൻഫ്രയുടെ നേതൃത്വത്തിൽ കൊച്ചിയിൽ ഒരുങ്ങുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനത്തിന്റെ ഉദ്ഘാടനം 2022 ഏപ്രിൽ 13 രാവിലെ 10:00 മണിക്ക് ബഹു: കേരള സംസ്ഥാന വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു. 1200 കോടി രൂപ മുതൽ മുടക്കിലൂടെ കേരളത്തിന്റെ വ്യാവസായിക മേഖലയിൽ വലിയ ഉത്തേജനം സാധ്യമാക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണത്തിലൂടെ 10,000 കോടി രൂപയുടെ നിക്ഷേപവും 11,000 തൊഴിൽ അവസരങ്ങളും പ്രതീക്ഷിക്കുന്നു.

കൊച്ചിയിലെ അമ്പലമുകളിൽ 481 ഏക്കറിൽ 1200 കോടി മുതൽമുടക്കിലാണ് പാർക്ക് വിഭാവനം ചെയ്തിരിക്കുന്നത്. കൊച്ചി ബിപിസിഎൽ റിഫൈനറിയിലെ പെട്രോ കെമിക്കൽ പ്രൊഡക് ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന ചെറുതും വലുതുമായ ഇൻഡസ്ട്രിയൽ യൂണിറ്റുകൾക്കുള്ള വിപുലമായ സൗകര്യങ്ങൾ ഈ പാർക്കിൽ ലഭ്യമാകും. കൂടാതെ മറ്റ് അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി,



വെള്ളം, മലിനജല ശുദ്ധീകരണ പ്ലാന്റ്, ഗെയിൽ പൈപ്പ് ലൈനിന്റെ സാന്നിധ്യം, അപകടകരമായ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനം തുടങ്ങിയവ പാർക്കിൽ ലഭ്യമാക്കും. തടസ്സമില്ലാത്ത ലോജിസ്റ്റിക് ക്രമീകരണവും വെയർഹൗസിംഗ് & ട്രേഡിംഗ് ഹബ് എന്നിവയും ഈ ബൃഹത് പദ്ധതിയിൽ ഉൾപ്പെടും.

ബഹു. കുന്നത്തുനാട് എം.എൽ.എ അഡ്വ. പി. വി ശ്രീനിജൻ അധ്യക്ഷനായ ഉദ്ഘാടന ചടങ്ങിൽ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. സോണിയ മുരുകേശൻ, വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി. ശ്രീരേഖ, വടവുകോട് ബ്ലോക്ക്പഞ്ചായത്ത് മെമ്പർ ശ്രീ. ടി. ആർ വിശ്വപ്പൻ, വ്യവസായ വാണിജ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ. പി. എം. മുഹമ്മദ് ഹനീഷ് ഐഎഎസ്, എറണാകുളം ജില്ലാ കളക്ടർ ശ്രീ. ജാഫർ മാലിക് ഐഎഎസ്, കിൻഫ്ര മാനേജിങ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, കിൻഫ്ര (സെൻട്രൽ സോൺ) മാനേജർ ശ്രീമതി. അമ്പിളി ടി. ബി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.








# ലാഭം നേടി അഭിമാനമായി

## പൊതുമേഖലാ സ്ഥാപനങ്ങൾ

പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുകയും പ്രൊഫഷണലായി നടത്തുകയും ചെയ്യുന്നതിൽ മാതൃകയായി കേരളം. വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന 41 പൊതുമേഖലാ സ്ഥാപനങ്ങളാണ് 2021-22 സാമ്പത്തിക വർഷം 3,884,06 കോടി രൂപയുടെ വിറ്റുവരവ് രേഖപ്പെടുത്തിയത്. 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 562.69 കോടി രൂപയുടെ (16.94 ശതമാനം) വർധനയാണ് വിറ്റുവരവിൽ ഉണ്ടായത്. സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തന ലാഭം 384.60 കോടിയാണ്. പ്രവർത്തന ലാഭത്തിൽ 273.38 കോടി രൂപയുടെ വർധനവാണ് കമ്പനികൾ നേടിയത്. മുൻ വർഷത്തെ അപേക്ഷിച്ച് 245.62 ശതമാനത്തിന്റെ വർദ്ധനാവാണിത്.

41 പൊതുമേഖലാ സ്ഥാപനങ്ങളിൽ 20 കമ്പനികൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രവർത്തന ലാഭത്തിലായി. അതിനു തൊട്ടു മുൻപുള്ള വർഷം 16 കമ്പനികളായിരുന്നു ലാഭം രേഖപ്പെടുത്തിയത്. പുതുതായി നാലു കമ്പനികൾ കൂടി ലാഭത്തിലെത്തി. ചവറ കെഎംഎംഎൽ ആണ് വിറ്റുവരവിലും പ്രവർത്തന ലാഭത്തിലും ഏറ്റവും മുന്നിൽ. 1,058 കോടി രൂപയുടെ വിറ്റുവരവും 332.20 കോടി രൂപയുടെ പ്രവർത്തന ലാഭവും കെഎംഎംഎൽ നേടി. സംസ്ഥാന ചരിത്രത്തിൽ തന്നെ ഏറ്റവും ഉയർന്ന പ്രവർത്തന ലാഭം നേടിയ പൊതുമേഖലാ വ്യവസായ സ്ഥാപനമെന്ന നേട്ടവും ഇതോടെ കെഎംഎംഎൽ കൈവരിച്ചു. കൂടാതെ മറ്റ് അഞ്ച് കമ്പനികളും വിറ്റുവരവിന്റെ കാര്യത്തിലും പ്രവർത്തന ലാഭത്തിന്റെ കാര്യത്തിലും ഇത്തവണ റെക്കോഡ് പ്രകടനം കാഴ്ച വച്ചിട്ടുണ്ട്.

കൃത്യമായ ദിശാബോധത്തോടെ മുന്നോട്ടു നീങ്ങി വ്യവസായ വകുപ്പിന് കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭകരമാക്കുക എന്നതാണ് ഇനി ലക്ഷ്യമിടുന്നത്.

# വരുന്നു...

## സ്വകാര്യ വ്യവസായ പാർക്കുകൾ

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾക്കായുള്ള അനുമതി വേഗത്തിലാക്കാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കെ.എസ്.ഐ.ഡി.സി, കിൻഫ്ര വ്യവസായ പാർക്ക് എന്നിവക്ക് പുറമെ സംസ്ഥാനത്ത് കൂടുതൽ വ്യവസായ പാർക്കുകൾ ഉയർത്തി കൊണ്ട് വരികയാണ് വ്യവസായ വകുപ്പിന്റെ ലക്ഷ്യം. 'പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് 2022' എന്നാണ് പദ്ധതിയുടെ പേര്. ഇ.എസ്.എ, സി. ആർ. ഇസഡ് എന്നിവയിൽ ഉൾപ്പെടാത്ത പത്തേക്കറിൽ അധികം ഭൂമിയുമുള്ള സ്ഥാപനങ്ങൾക്ക് വ്യവസായ പാർക്കിന് അനുമതി തേടാം. ഇതിനോടകം സർക്കാരിന് മുന്നിൽ ഇരുപതിലധികം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

സ്വകാര്യ കമ്പനികൾ, കോ ഓപ്പറേറ്റീവ് സൊസൈറ്റികൾ, പാർട്ണർഷിപ്പ് സ്ഥാപനങ്ങൾ, എം.എസ്.എം.ഇ കൺസോർഷ്യങ്ങൾ എന്നിവയ്ക്ക് പാർക്കിന് അനുമതി ലഭിക്കും. സ്വകാര്യ പാർക്കിന് അനുമതി ലഭിച്ചാൽ റോഡ്, വൈദ്യുതി, ജലവിതരണം എന്നിവ ഉറപ്പാക്കാൻ സർക്കാർ ശ്രമിക്കും.



### സംരംഭത്തിന് പരമാവധി 30 ലക്ഷം രൂപ സബ്സിഡി തുക ലഭിക്കുന്ന

# സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്)

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നടപ്പാക്കി വരുന്ന ഏറ്റവും പ്രചാരമുള്ളതും, ആകർഷകവുമായ പദ്ധതിയാണ് സംരംഭക സഹായ പദ്ധതി. കേരളത്തിലെ ഉത്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന് അനുസരിച്ച് സാമ്പത്തിക സഹായം നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിക്ഷേപകന്റെ വിഭാഗം, ഉത്പാദന മേഖല, സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല എന്നിവയനുസരിച്ച് സ്ഥിര നിക്ഷേപത്തിന്റെ 15% മുതൽ 45% വരെ യൂണിറ്റിന് സബ്സിഡിയായി ലഭിക്കും. ഈ പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നതിന് ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തിരിക്കണം എന്ന് നിർബന്ധമില്ല.

അപേക്ഷകന് നേരിട്ടോ ഓൺലൈനായോ ഈ പദ്ധതിയ്ക്ക് അപേക്ഷിക്കാം. പദ്ധതിയുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾക്ക് തൊട്ടടുത്തുള്ള ജില്ലാ വ്യവസായ കേന്ദ്രമോ www.industry.kerala.gov.in എന്ന വെബ്സൈറ്റോ സന്ദർശിക്കാവുന്നതാണ്.

### പദ്ധതിയുടെ സവിശേഷതകൾ

- യൂണിറ്റ് ആരംഭിക്കാനായി വാങ്ങുന്ന ഭൂമി, കെട്ടിടം, യന്ത്ര സാമഗ്രികൾ, ഇലക്ട്രിഫിക്കേഷൻ, അവശ്യ ഓഫീസ് ഉപകരണങ്ങൾ, മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ, മറ്റ് സ്ഥിര ആസ്തികൾ എന്നിവയിലെ നിക്ഷേപത്തിന് സബ്സിഡി ലഭിക്കും
- പൊതു വിഭാഗത്തിലെ അപേക്ഷകന് സ്ഥിര നിക്ഷേപത്തിന്റെ 15% പരമാവധി 30 ലക്ഷം രൂപ സഹായം ലഭിക്കും
- യുവാക്കൾ (18-45 വയസ്സുള്ളവർ), വനിത, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗം, വിദേശ മലയാളികൾ എന്നിവർക്ക് സ്ഥിര നിക്ഷേപത്തിന്റെ 25% പരമാവധി 40 ലക്ഷം രൂപ സഹായം ലഭിക്കും
- മുൻഗണനാ മേഖലയിലെ സംരംഭങ്ങൾക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ലഭിയ്ക്കും
- പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ലഭിയ്ക്കും
- അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും നവീന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നവർക്ക് 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ലഭിയ്ക്കും
- എല്ലാ ഇനങ്ങളിലുമായി ഒരു സംരംഭത്തിന് ലഭിക്കുന്ന പരമാവധി സബ്സിഡി തുക 30 ലക്ഷം രൂപ ആയിരിക്കും

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.